## കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :21.01.2021

### പത്രക്കുറിപ്പ്

2003ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ 86(1)(b), 63 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള 350 മെഗാവാട്ട് വൈദ്യുതി വാങ്ങൽ കരാറുകളുടെ (DBFOO Bid-2 പ്രകാരമുള്ളത്) അംഗീകാരത്തിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് 12.11.2020ൽ ഫയൽ ചെയ്ത പെറ്റീഷൻ (ഒ.പി. നമ്പർ 05/2021) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം നേരിട്ടുള്ള ഒരു പൊതുതെളിവെടുപ്പ്, കമ്മീഷൻ 09.02.2021 ഉച്ചയ്ക്ക് 2 മണിയ്ക്ക് എറണാകുളം പത്തടിപ്പാലത്തുള്ള പി.ഡ ബ്ല്യൂ.ഡി റസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിൽ വച്ചും, 19.02.2021 രാവിലെ 11 മണിയ്ക്ക് തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കമ്മീഷൻ ആസ്ഥാനത്തെ കോർട്ട് ഹാളിൽ വച്ചും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്നതാണ്. ടി പെറ്റീഷന്മേ ലുള്ള തെളിവെടുപ്പിൽ പങ്കെടുത്ത് അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സമർപ്പിക്കാൻ താല്പര്യമുള്ളവർ 05.02.2021 ഉച്ചയ്ക്ക് 12 മണിക്കു മുൻപായി കത്തു മുഖേനയോ, ഇ-മെ യിൽ (kserc@erckerala.org) മുഖാന്തിരമോ പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേരും വിശദവിരങ്ങളും ഫോൺ നമ്പർ സഹിതം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ടി പൊതുതെളിവെടുപ്പ് കൃത്യമായും കോവിഡ്-19 മാനദണ്ഡങ്ങളനുസരിച്ചാണ് നടത്തപ്പെ ടുന്നത്. എല്ലാവരും മാസ്ക്ക് ധരിച്ച് എത്തുകയും കൃത്യമായ സാമൂഹിക അകലം പാലി ക്കുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ തപാൽ മുഖേനയോ, ഇ-മെയിൽ മുഖേനയോ പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയ മ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 06.02.2021 ന് മുമ്പായി കിട്ടത്തക്ക വിധം അയയ്ക്കേണ്ടതാണ്.

സെക്രട്ടറി-ഇൻ-ചാർജ്ജ്

F:\CONSULTANT LEGAL\2021\PRESS RELEASE DT 21.01.2021.docx